Page 1 of 2

(ബി) 2011-2016 സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ എത്ര കുട്ടികൾ പഠിച്ചിരുന്നു എന്ന വിവരം ക്ലാസ്സ് തിരിച്ചു ലഭ്യമാക്കുമോ?

2011-2016 സർക്കാരിന്റെ കാലയളവിൽ ഓരോ അദ്ധ്യയന വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം അനുബന്ധം (2) ആയി ചേർക്കുന്നു.*

ഓൺലൈൻ പഠനം

162 (911) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ ഈ വർഷവും വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷത്തെപ്പോലെ വിക്ടേഴ്സ് ചാനലിൽ ഓൺലൈൻ ക്ലാസ്സുകൾ തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2021 ജൂൺ 1-ന് തന്നെ കൈറ്റ് വിക്ടേഴ്സിലൂടെ 2021-22 അധ്യയന വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ആരംഭിച്ചു.

(ബി) അദ്ധ്യാപകരെ ഉപയോഗിച്ച് ഓരോ സ്കൂളിലും പ്രത്യേക ഓൺലൈൻ സംവിധാനംകൂടി ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൈറ്റ് വിക്ടേഴ്സ് വഴി ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാക്കുന്നതിനോടൊപ്പം അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ പഠനം വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന മാനസിക ശാരീരിക പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കാമോ ?

ഓൺലൈൻ പഠനം വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന മാനസിക-ശാരീരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എസ്.സി.ഇ.ആർ.ടി.-യും തിരുവനന്തപുരം സർക്കാർ വനിത കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെന്ററും സംയുക്തമായി ഗവേഷണ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടിയുടെ മാനസിക ആരോഗ്യം പരിഗണിച്ച് കലാ-കായിക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ, സൈബർ സേഫ്റ്റി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിയുള്ള ക്ലാസുകളും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. കൂടാതെ 'അതിജീവനം', 'കോവിഡ് പ്രതിരോധം' എന്നീ പേരുകളിൽ ഡോക്ടർമാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ എന്നിവരുമായി ലൈവ് ഫോൺ ഇൻ പ്രോഗ്രാമും വിക്ടേഴ്സിലൂടെ ക്രമീകരിച്ചിട്ടുണ്ട്.

ചിറ്റാർ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം

163 (912) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാർ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി ഫണ്ടിൽനിന്നും 3 കോടി രൂപ അനുവദിക്കുകയും ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ട് 2 വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്താണ് തടസ്സമെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സ്കൂൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുള്ള മരങ്ങൾ മുറിച്ച് മാറ്റാൻ കഴിഞ്ഞിട്ടില്ല. ഇതിനകം മൂന്ന് തവണ ലേലം ചെയ്തിട്ടും വനം വകുപ്പ് നിർദ്ദേശിച്ച ലേലതുകയിലേയ്ക്കെത്താൻ കഴിഞ്ഞില്ല. ലഭ്യമായ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആലുവ ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം

164 (913) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനറൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ 8639/20/ഡബ്ല്യു3 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഇതുസംബന്ധിച്ച് അടിയന്തര ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?